# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ. 3252/1/2018/ഇലക്ഷൻ                                                    തീയതി: 10.08.2018

വിഷയം:- മഹാത്മാഗാന്ധി സർവ്വകലാശാല യൂണിയൻ (2017-18) എക്സിക്യൂട്ടീവ് കമ്മിറ്റി, അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം - സംബന്ധിച്ച്.

സൂചന :- സർവ്വകലാശാല ജനറൽ കൗൺസിൽ പുന:സംഘടിപ്പിച്ചുകൊണ്ടുള്ള ഇതേ നമ്പരിലുള്ള 03/08/2018-ലെ വിജ്ഞാപനം

## വിജ്ഞാപനം

സർവ്വകലാശാല ജനറൽ കൗൺസിൽ (2017-18) അംഗങ്ങളിൽ നിന്നും സർവ്വകലാശാല യൂണിയൻ 2017-18 ന്റെ താഴെ പറയുന്ന സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു. സർവ്വകലാശാല യൂണിയൻ ബൈലോ റൂൾ 21(2) ൽ അനുശാസിച്ചിരിക്കുന്നത് പോലെ ആനുപാതിക പ്രാതിനിധ്യ രീതിയിലൂടെയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.

| നം. | തസ്തികയുടെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1. | ചെയർമാൻ | 1 |
| 2. | വൈസ് ചെയർമാൻ | 3 ( ഒരു വനിത) |
| 3. | ജനറൽ സെക്രട്ടറി | 1 |
| 4. | ജോയിന്റ് സെക്രട്ടറി | 2 |
| 5. | എക്സിക്യൂട്ടീവ് കമ്മറ്റി അംഗം | 15 (3 വനിതകൾ) |
| 6. | അക്കൗണ്ട്സ് കമ്മിറ്റി അംഗം | 5 |

വോട്ടർ പട്ടികയിൽ പേരുള്ളവർക്ക് മാത്രമേ ഇലക്ഷനിൽ പങ്കെടുക്കുവാൻ യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ. സർവ്വകലാശാല നിർദ്ദേശപ്രകാരം തിരഞ്ഞെടുപ്പ് നടത്തി അതാത് കോളേജുകളുടെ പ്രിൻസിപ്പൽ/ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി സർവ്വകലാശാലയ്ക്ക് അയച്ചുതന്നിട്ടുള്ള കൗൺസിലർമാരുടെ പേരു വിവരങ്ങൾ അനുസരിച്ചാണ് വോട്ടർപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. എല്ലാ വോട്ടർമാരും വോട്ടർപ്പട്ടിക പരിശോധിക്കുകയും, എന്തെങ്കിലും ഒഴിവാക്കാനോ കൂട്ടിചേർക്കാനോ ഉള്ള പക്ഷം ആയതിന് വേണ്ടിയുള്ള അപേക്ഷകൾ നിശ്ചിത തീയതിക്കും സമയത്തിനുമകം വരണാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

ഓരോ തസ്തികയിലേക്കും ഉള്ള ഒഴിവുകൾ നികത്തുന്നതിനുവേണ്ടി യോഗ്യരായ ആളുകളെ എല്ലാ വോട്ടർമാർക്കും നാമനിർദ്ദേശം ചെയ്യാവുന്നതാണ്. യഥാവിധം പൂരിപ്പിച്ച നാമനിർദ്ദേശ പത്രികകൾ നിശ്ചിത തീയതിക്കും സമയത്തിനുമകം വരണാധികാരിയുടെ കാര്യാലയത്തിൽ ഇതിനായി സൂക്ഷിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുകയോ വരണാധികാരിക്ക് തപാൽമാർഗം അയച്ചുനൽകേണ്ടതോ ആണ്. ഓരോ സ്ഥാനങ്ങളിലേക്കും വെവ്വേറെ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേ

ണ്ടതാണ്. നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള നിശ്ചിത നാമനിർദ്ദേശപത്രികയുടെ മാതൃക സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) ലഭ്യമാണ്. ഇത് ഡൗൺലോഡ് ചെയ്ത് കോപ്പി എടുത്ത് ($A_4$ സൈസ് പേപ്പറിൽ) നാമനിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഉപയോഗിക്കേണ്ടതാണ്. നാമനിർദ്ദേശ പത്രിക ഫോറം ഇലക്ഷൻ സെക്ഷനിൽ നിന്നും നേരിട്ട് നൽകുന്നതല്ല.

ഒരു വോട്ടർക്ക് ഒരോ തസ്തികയിലേയും ഒഴിവുകളുടെ എണ്ണത്തിന് അനുസൃതമായി സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയോ/പിന്തുണക്കുകയോ ചെയ്യാവുന്നതാണ്. എല്ലാ നാമനിർദ്ദേശ പത്രികകളും നാമനിർദ്ദേശം ചെയ്യുന്നവരുടേയും പിന്തുണക്കുന്നവരുടെയും ഒപ്പോടുകൂടി സമർപ്പിക്കേണ്ടതാണ്. ഓരോ സ്ഥാനാർത്ഥിയും താൻ തിരഞ്ഞെടുക്കപ്പെടുന്ന തസ്തികയിൽ സേവനം ചെയ്യുവാൻ സന്നദ്ധനാണെന്നുള്ള സത്യപ്രസ്താവനയിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

**സർവകലാശാല യൂണിയൻ തിരഞ്ഞെടുപ്പ്: 2017-18 സമയക്രമപ്പട്ടിക**

| ക്രമ നമ്പർ | കാര്യപരിപാടി | സമയക്രമം |
|---|---|---|
| 1 | തെരഞ്ഞെടുപ്പ് വിജ്ഞാപനം | 16/08/2018 ഉച്ചയ്ക്ക് 01.00 മണിയ്ക്ക് |
| 2 | വോട്ടർ പട്ടിക പ്രസിദ്ധീകരണം | 17/08/2018 ഉച്ചയ്ക്ക് 2.00 മണിയ്ക്ക് |
| 3 | വോട്ടർ പട്ടികയിന്മേലുള്ള പരാതികൾ സ്വീകരിക്കുന്നത് | 29/08/2018 ഉച്ചയ്ക്ക് 2.00 മണി വരെ |
| 4 | അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരണം | 30/08/2018 വൈകിട്ട് 4.00 മണിയ്ക്ക് |
| 5 | നാമനിർദ്ദേശ പത്രിക സമർപ്പണത്തിനുള്ള അവസാന തീയതിയും സമയവും | 05/09/2018 ഉച്ചയ്ക്ക് 1.00 മണി വരെ |
| 6 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 05/09/2018 ഉച്ചയ്ക്ക് 2.30 മുതൽ |
| 7 | സാധുവായ നാമനിർദ്ദേശ പത്രികകളുടെ പട്ടിക പ്രസിദ്ധീകരണം | 05/09/2018 വൈകിട്ട് 4.30 |
| 8 | നാമനിർദ്ദേശങ്ങൾ പിൻവലിക്കൽ | 07/09/2018 ഉച്ചയ്ക്ക് 12.00 മണി വരെ |
| 9 | അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരണം | 07/09/2018 വൈകിട്ട് 4.30 മണി |
| 10 | വോട്ടെടുപ്പ് | **14/09/2018** രാവിലെ 10.00 മുതൽ ഉച്ചയ്ക്ക് 1.00 മണിവരെ |
| 11 | വോട്ടുകളുടെ സൂക്ഷ്മ പരിശോധനയും എണ്ണലും | **14/09/2018** ഉച്ചയ്ക്ക് ശേഷം 2.00 മണിമുതൽ |
| 12 | വോട്ടെടുപ്പ് കേന്ദ്രം | **സർവ്വകലാശാല അസംബ്ലി ഹാൾ** |

നാമനിർദ്ദേശം പിൻവലിക്കുന്നതിനായുള്ള അപേക്ഷകൾ സ്ഥാനാർത്ഥികൾ വെള്ളപേപ്പറിൽ സ്വന്തം കൈപ്പടയിലെഴുതി ഒപ്പുവച്ച് നേരിട്ടോ രജിസ്റ്റേഡ് തപാൽ മാർഗമോ/ദൂതൻ മുഖേനയോ/നിശ്ചിത തീയതിക്കും സമയത്തിനുമകം വരണാധി കാരിക്ക് സമർപ്പിക്കേണ്ടതാണ്. ഒരിക്കൽ നാമനിർദ്ദേശങ്ങൾ പിൻവലിച്ചു കഴിഞ്ഞാൽ അതു അന്തിമമായിരിക്കും.

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997, അദ്ധ്യായം - 44 ഭാഗം-C-യിൽ അനുശാസി ച്ചിരിക്കുന്ന (പോസ്റ്റൽ ബാലറ്റ് വഴി അല്ലാതെയുള്ള) തെരഞ്ഞെടുപ്പ് വ്യവസ്ഥകൾ പ്രകാരം ആണ് വോട്ടെടുപ്പും രേഖപ്പെടുത്തിയ വോട്ടുകളുടെ സൂക്ഷ്മപരിശോധ നയും എണ്ണലും നടത്തപ്പെടുന്നത്.

വോട്ടെടുപ്പ്/വോട്ടെണ്ണൽ വേളകളിൽ സ്ഥാനാർത്ഥിക്കോ/സ്ഥാനാർത്ഥി ചുമതലപ്പെടുത്തുന്ന ആൾക്കോ അല്ലാതെ മറ്റാർക്കും പങ്കെടുക്കുവാൻ അനുമതി ഉണ്ടായിരിക്കുന്നതല്ല.

വോട്ട് രേഖപ്പെടുത്തുന്നതിനും മേൽ പറഞ്ഞ കാര്യങ്ങൾക്ക് ഹാജരാകുന്ന തിനും, സർവ്വകലാശാല നൽകിയിട്ടുള്ള സർവ്വകലാശാല യൂണിയൻ ജനറൽ കൗൺസിൽ അംഗത്വ തിരിച്ചറിയൽ കാർഡ് നിർബന്ധമായും ഹാജരാക്കേണ്ടതാ ണ്. തിരഞ്ഞെടുപ്പ് ദിവസം ഒരു കാരണവശാലും ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യുന്നതല്ല.

നാമനിർദ്ദേശ പത്രിക/ബാലറ്റ് എന്നിവയുടെ സൂക്ഷ്മ പരിശോധന, വോട്ടെടു പ്പ്, വോട്ടെണ്ണൽ എന്നീ സമയങ്ങളിൽ വരണാധികാരിയുടെ എല്ലാ നിർദ്ദേശങ്ങളും വോട്ടർമാർ പാലിക്കേണ്ടതാണ്.

**വരണാധികാരി**

**പകർപ്പ്:**

1. വി.സി./പി.വി.സി യുടെ പേഴ്സണൽ സെക്രട്ടറിമാർ
2. രജിസ്ട്രാർ/എഫ്.ഒ/സി.ഇ.എന്നിവരുടെ പി.എ.മാർ
3. പി.ആർ.ഒ.
4. ഡി.എസ്.എസ്.
5. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

SO 14/8/18